## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.497 10/03/15-ലെ മറുപടിക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എ.എ.അസീസ്**<br>**ശ്രീ. കോവൂർ കുഞ്ഞുമോൻ** | **ശ്രീ. കെ.എം.മാണി**<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |

### കേന്ദ്ര നികുതി വരുമാനത്തിൽ നിന്നും കേരളത്തിനുള്ള ഗ്രാന്റ്

| ചോദ്യം | മറുപടി |
|---|---|
| (എ)<br>കേന്ദ്ര നികുതി വരുമാനത്തിന്റെ എത്ര ശതമാനമാണ് കേരളത്തിന് കേന്ദ്രസർക്കാർ ഗ്രാന്റായി അനുവദിക്കുന്നത് ; | പതിമൂന്നാം ധനകാര്യ കമ്മീഷൻ കേന്ദ്ര തനതു നികുതി വരുമാനത്തിന്റെ 32% ആണ് സംസ്ഥാനങ്ങൾക്കായി വിഭജിച്ച് നൽകുന്നത്. ഇതിന്റെ 2.341% ആണ് കേരളത്തിന് ലഭിക്കുന്നത്. |
| (ബി)<br>പതിനാലാം ധനകാര്യ കമ്മീഷൻ അതിൽ എത്ര ശതമാനത്തിന്റെ വർദ്ധനയാണ് വരുത്തിയിട്ടുള്ളത് ; | പതിനാലാം ധനകാര്യ കമ്മീഷൻ കേന്ദ്ര തനതു നികുതി വരുമാനത്തിൽ നിന്നും സംസ്ഥാനങ്ങൾക്ക് വിഭജിച്ച് നൽകുന്ന വിഹിതം നിലവിലെ 32%-ൽ നിന്നും 42% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിന്റെ 2.5% തുക കേരളത്തിന് വിഹിതമായി ലഭിക്കും. |
| (സി)<br>അതിൻപ്രകാരം സംസ്ഥാനത്തിന് അധികമായി ലഭ്യമാകുന്ന തുക എത്രയാണ്; ഈ തുക ഏതൊക്കെ പദ്ധതികൾക്കായാണ് ചെലവഴിക്കാൻ കഴിയുന്നത് എന്ന് വ്യക്തമാക്കുമോ ? | പതിനാലാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം കേന്ദ്രത്തിൽ നിന്നും സംസ്ഥാനങ്ങൾക്കുള്ള മൊത്തം സഹായം കേന്ദ്ര തനതു നികുതി വരുമാനത്തിന്റെ 61.88% (2014-15 BE) -ൽ നിന്നും 62.75% (2015-16) ആയി മാത്രമേ വർദ്ധിച്ചിട്ടുള്ളൂ. അതായത് യഥാർത്ഥ വർദ്ധനവ് 0.87% മാത്രമാണ്. ഇതിനു കാരണം സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം 32% - ൽ നിന്നും 42% ആയി ഉയർത്തിയിട്ടുണ്ടെങ്കിലും കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്കുള്ള പദ്ധതി സഹായത്തിൽ (കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ) കുറവ് വരുത്തിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ വിവിധ കേന്ദ്ര മന്ത്രാലയങ്ങളിൽ നിന്നും ലഭിച്ചാൽ മാത്രമേ 2015-16 സാമ്പത്തിക വർഷം കേന്ദ്ര സഹായത്തിൽ ഉണ്ടായിട്ടുള്ള കുറവ് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. |

Ajith

**സെക്ഷൻ ഓഫീസർ**